ഒക്കെയുണ്ട്. ഇത് ഇന്റേണൽ ടൂറിസമാണ്, അല്ലാതെ വിദേശികളെ ആകർഷിക്കാനല്ല.

മി. സ്പീക്കർ : ആക്കുളത്തിന്റെ കാര്യമെന്തായി?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ആക്കുളം ഡി.റ്റി.പി.സി.യുടെ കീഴിലാണ്. അതിന്റെ കൂടെ അനുബന്ധമായിട്ട് ഇതുകൂടി വികസിപ്പിച്ചെടുക്കാം.

(10) റിബേറ്റ് നിറുത്തലാക്കിയതുമൂലം ഖാദി വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. ബാബു : സർ, 1.4.99 മുതൽ ഖാദി വസ്ത്രങ്ങളുടെ ചില്ലറ വിൽപനയ്ക്ക് നൽകിക്കൊണ്ടിരുന്ന റിബേറ്റ് നിറുത്തലാക്കിയിരിക്കുകയാണ്. 1950 മുതൽ അഖിലേന്ത്യാ ഖാദി വ്യവസായ കമ്മിഷൻ ഈ റിബേറ്റ് നൽകിവരികയായിരുന്നു. ഇപ്പോൾ അത് നിറുത്തലാക്കിയിരിക്കുകയാണ്. ഇത് നിറുത്തലാക്കിയതിനെത്തുടർന്ന് ഖാദി വിൽപനയിൽ 50 ശതമാനം മുതൽ 75 ശതമാനംവരെ കുറവുണ്ടായിരിക്കുകയാണ്. ഖാദി ഉൽപാദിപ്പിക്കുന്ന സംഘങ്ങളും സ്ഥാപനങ്ങളും പൂട്ടിയിടുന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഗുരുതരമായ ഈ സ്ഥിതിവിശേഷത്തിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു. സർ, ഖാദി വ്യവസായത്തിൽ കേരളത്തിലെ നാലു ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നു. ഈ തൊഴിലാളികളെയും ഈ വ്യവസായത്തെയും ഇത് ഗുരുതരമായി ബാധിച്ചുകഴിഞ്ഞിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് ഖാദി കമ്മീഷൻ മുഖേന നൽകുന്ന ഈ റിബേറ്റ് പുനഃസ്ഥാപിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതുവരെ സംസ്ഥാനഗവൺമെന്റ് എന്തെങ്കിലും സഹായം ഈ വ്യവസായത്തിന് നൽകുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ): സർ, ഖാദി വിൽപനയിന്മേലുള്ള റിബേറ്റ് കേന്ദ്ര സർക്കാർ ഖാദി ഗ്രാമവ്യവസായ കമ്മിഷൻ മുഖേനയാണ് നൽകിവരുന്നത്. 1.4.1999 മുതൽ റിബേറ്റ് നിറുത്തലാക്കിക്കൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല. എല്ലാകൊല്ലവും അതാത് വർഷങ്ങളിലെ പോളിസിയാണ് പ്രഖ്യാപിക്കാനുള്ളത്. കഴിഞ്ഞ മൂന്നുവർഷവും അങ്ങനെയാണ് ചെയ്തത്. കഴിഞ്ഞ സാമ്പത്തികവർഷം 10 ശതമാനം സാധാരണ റിബേറ്റും 10 ശതമാനം പ്രത്യേക ഉത്സവകാല റിബേറ്റും വരെ അനുവദിച്ചിരുന്നു. ഈ വർഷത്തിൽ ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. പ്രഖ്യാപിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് ഖാദി ബോർഡും ഖാദിബോർഡ് ചെയർമാനും സംസ്ഥാന ഗവൺമെന്റും സമ്മർദ്ദം ചെലുത്തിവരികയാണ്.

മി. സ്പീക്കർ : ഇല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് സഹായം നൽകുമോയെന്ന് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചിരുന്നു. അതിന് മറുപടി പറഞ്ഞില്ല.

ശ്രീമതി സുശീലാ ഗോപാലൻ : സംസ്ഥാന ഗവൺമെന്റ് കൊടുക്കാനുള്ള 10 ശതമാനത്തിൽ വാസ്തവത്തിൽ 6.3 ശതമാനം കുടിശ്ശികയാണ്. സാമ്പത്തിക ലഭ്യതയനുസരിച്ച് ഈ കാര്യങ്ങൾ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly